ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. വിള തിരിച്ചുള്ള വിശദാംശം അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്.†

(ബി) കാലാകാലങ്ങളിലുണ്ടാകുന്ന കൃഷിനാശം തടയുന്നതിന് ബണ്ടുകൾ പുതുക്കി പണിയുക, എൻജിൻ തറകൾ നന്നാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കണ്ടിജെൻസി പദ്ധതി മുഖേന വീണ്ടും കൃഷി ഇറക്കുന്നതിന് വിത്ത്, തൈകൾ എന്നിവ സൗജന്യമായി നൽകി വരുന്നു.

(സി) കൃഷിനാശം ഉണ്ടായതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം II-ൽ കൊടുത്തിരിക്കുന്നു.†

(ഡി) കൃഷിഭവൻ മുഖേന കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് പരിശോധിച്ച്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം വിതരണം ചെയ്യുന്നതാണ്. കൃഷിനാശത്തെ തുടർന്ന് പുനർ കൃഷിക്ക് ആവശ്യമായ വിത്തും പാടശേഖരങ്ങൾ നശിച്ചതിന് പുനർനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായവും നൽകുന്നുണ്ട്.

(ഇ) കൃഷി സംരക്ഷണ പ്രവർത്തനങ്ങൾക്കും, കൃഷി ഇറക്കുന്നതിനും സാമ്പത്തികസഹായം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

14 (*74) ബാങ്കുകളിൽ ക്രഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാങ്കുകളുടെ ക്രഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ എത്രയാണ്;

(ബി) ബാങ്കുകൾ സമാഹരിക്കുന്ന തുകയിൽ നിന്നും വായ്പ നൽകുന്നതിൽ സംസ്ഥാനത്ത് കുറവുണ്ടാകാൻ കാരണമെന്തെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ; ഇത്തരം പഠനം നടത്താത്ത പക്ഷം അതേപ്പറ്റി പഠനം നടത്തുമോ;

(ഡി) ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ബാങ്കുകൾ കൂടുതൽ വായ്പ നൽകാൻ ആവശ്യമായ സംവിധാനം നടപ്പിലാക്കാൻ നടപടിയെടുക്കുമോ;

(ഇ) ബാങ്കുകൾ സൂക്ഷിക്കേണ്ട കരുതൽ ധനത്തിന്റെ അനുപാതം അരശതമാനം കണ്ട് കുറച്ചതിന്റെ പ്രയോജനം സംസ്ഥാനത്തിന് കിട്ടുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം 1998 ഡിസംബർ മാസത്തിലെ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിലെ വായ്പാ-നിക്ഷേപ അനുപാതം 42 ശതമാനമാണ്.

(ബി) ഉണ്ട്.

(സി) കേരളത്തിൽ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, അതിനുള്ള കാരണങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ 1993 ജൂൺ മാസത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ മുൻകൈയെടുത്ത് കനറാബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.ഡി.ഡി. ആവാരി ചെയർമാനായി ഒരു കർമ്മസമിതിയെ നിയോഗിച്ചു. കർമ്മസമിതിയിൽ ബാങ്കു പ്രതിനിധികൾക്കുപുറമേ സർക്കാരിന്റെ പ്രതിനിധികളായി പ്ലാനിംഗ് സെക്രട്ടറി, കൃഷിവകുപ്പ് സെക്രട്ടറി, വ്യവസായവകുപ്പ് സെക്രട്ടറി എന്നിവരും സമിതിയിൽ അംഗങ്ങളായിരുന്നു. 1998-99-ൽ വായ്പാ നിക്ഷേപ അനുപാതം 55 ശതമാനമാകുന്നതിനും 2000-2001-ൽ 60 ശതമാനമാകുന്നതിനും ഓരോ ബാങ്കും വർഷംതോറും കൈവരിക്കേണ്ട വായ്പാ നിക്ഷേപ അനുപാതം എത്രയായിരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. വായ്പകൾ ലഭ്യമാകുന്നതിന് പ്രതിബന്ധമായി നിൽക്കുന്ന ചില പോരായ്മകളും അവയ്ക്കുള്ള പരിഹാര നടപടികളും കമ്മിറ്റി ചൂണ്ടികാണിച്ചിട്ടുണ്ട്.

(ഡി) കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ഓരോ ബാങ്കും വർഷംതോറും കൈവരിക്കേണ്ട വായ്പാ നിക്ഷേപ അനുപാതം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുകൊണ്ടാണ് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിൽ ബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തുന്നത്. അതുപോലെതന്നെ കമ്മിറ്റി നിർദ്ദേശിച്ച പരിഹാരമാർഗ്ഗങ്ങൾക്ക് അനുയോജ്യമായ നടപടികളെടുക്കുവാൻ മുഖ്യമന്ത്രി തലത്തിലും ധനകാര്യമന്ത്രിതലത്തിലും നടക്കുന്ന ചർച്ചകളിലൂടെ ബാങ്കുകളെ പ്രേരിപ്പിച്ചുവരുന്നുണ്ട്.

(ഇ) ബാങ്കുകളുടെ വായ്പാ വിഹിതം ഒന്നുകൂടി പോഷിപ്പിക്കാൻ ഇതു സഹായിക്കുന്നതാണ്. മൊത്തം നിക്ഷേപത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം ഇതിനും ബാധകമാണ്.

15 (*75) വാണിജ്യ ബാങ്കുകളിലെ നിക്ഷേപം

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. കെ. ബാബു :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ 1998-ൽ എന്തു തുകയുടെ നിക്ഷേപം ഉണ്ടായിരുന്നു;

(ബി) ഇതിൽ സംസ്ഥാനത്തെ കാർഷിക രംഗത്തും വ്യാവസായിക രംഗത്തും എന്തു തുക വീതം വായ്പ നൽകി;

(സി) സംസ്ഥാനത്തെ പ്രമുഖ വാണിജ്യ ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം എത്രയെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly